# ആലിപ്പഴങ്ങൾ

DIGITAL MAGAZINE



ISLAMIC VHSS ORUMANAYOOR

# ആശംസ



ലോകം സാങ്കേതികതയുടെ വിരൽത്തുമ്പിൽ പിടിച്ച് അതിവേഗം വളരുകയാണ്. മാനവ വികസന പ്രവർത്തനങ്ങളിൽ ഈ വളർച്ച അടയാളപ്പെടുത്തുകയാണ്. അതിലേക്ക് നമ്മളിലോരോരുത്തരുടെയും കൈയൊപ്പ് ചേർക്കാൻ കൂടിയാണ് ഈ കൂട്ടായ ശ്രമം. അറിവിന്റെ അനന്തതയിലേക്ക് ചേക്കേറാൻ എല്ലാ ആശംസകളും.

ശ്രീ.ടി ഇ ജയിംസ്

ഹെഡ്മാസ്റ്റർ

ഒരുമനയൂർ ഇസ്ലാമിക് വി എച്ച് എസ് എസ്സിലെ ലിറ്റിൽ കൈറ്റ്സിന് ഒരു ഡിജിറ്റൽ മാഗസിൻ എന്ന ആശയം സഫലമായിരിക്കുകയാണ്. കുട്ടികളുടെ വ്യത്യസ്ഥങ്ങളായ രചനകൾ ഉൾപ്പെടുത്തിക്കൊണ്ട് ഡിജിറ്റൽ മാഗസിനായ '**ആലിപ്പഴങ്ങൾ** ' തയ്യാറായിക്കഴിഞ്ഞിരിക്കുന്നു.

ഈ യജ്ഞത്തിനായി കൈകോർത്തവർ

## എഡിറ്റോറിയൽ ബോർഡ്

| | | |
|---|---|---|
| **രക്ഷാധികാരി** | **:** | **ശ്രീ.ടി ഇ ജെയിംസ്** |
| **മേൽനോട്ടം** | **:** | **ലിനറ്റ് ഡേവീസ്**<br>**ഷീബ ആർ കെ** } **കൈറ്റ് മിസ്ട്രസ്** |
| **ചീഫ് എഡിറ്റർ** | **:** | **ഷാദിൽ മുഹമ്മദ് ലിയാക്കത്ത്** |
| **സബ് എഡിറ്റേഴ്സ്** | **:** | **നിഹാൽ ബാബു**<br>**ആർദ്രലക്ഷ്മി കെ ആർ**<br>**മർവ ഷെറിൻ കെ വി**<br>**ഫർഹാൻ കെ ആർ** |

## ഉള്ളടക്കം


മാതൃസ്നേഹം....6
എന്റെ നാട്....7
ആത്മസുഹൃത്ത്....8
ഗുരുനാഥൻ....9
തിമിരം....9
എഴുത്ത്....10
മരിക്കാത്ത ഓർമ്മകൾ....11
ഗാന്ധിയൻ സന്ദേശം ജീവിതത്തിൽ....12
ഷെർഫിയ പി ബി....12
താരാട്ട്....13
പ്രതീക്ഷ....15
ORUMANAYOOR....16
AMAZING BODY FACTS....17
BUTTERFLY....17
A BIG BROWN BEAR....18
GOOD MORNING TEACHER....18
Happy Teens....21
My Hair....22
My Parents....23
Pintoo and the Tiger....24
SIVAGANGA....24
A YEAR AT A GLANCE....25
EVENTS OF 2019 – 20....25

# മാതൃസ്നേഹം

സാദിയ എ എച്ച്

അമ്മയാണ് എന്റെ ജീവനും ജീവിതവും
വായിച്ചീടുമ്പോൾ അർത്ഥതലങ്ങൾ
നിറഞ്ഞൊഴുകുന്നൊരു കവിത
സത്യപാഠങ്ങൾ ഓതി വളർത്തുന്ന മക്കളെ .

ജീവിതപാതയ്ക്ക് നേരായറിവ് കൂട്ടുന്നു
എൻ ചുവടുവെപ്പുകൾക്കെന്നും
 പ്രഭ ചൊരിയുന്നു , മങ്ങാത്ത വെളിച്ച -
മാകുന്നെൻ അമ്മ തൻ വാത്സല്യം.



പരിധിയോ  പരിഭവപരാതികളോ
യില്ലാതെ അമ്മയെന്നെന്നും
സ്നേഹം ചൊരിഞ്ഞീടുന്നു
ആ സ്നേഹകടലിൽ അറ്റമില്ലാതെ
നീന്തി കളിക്കുന്നു ഞാൻ.

അമ്മതൻ വാത്സല്യ സ്നേഹമുത്തങ്ങൾ
പൂരിതമണിക്കും മധുനുകരുമ്പോൾ
ആ കുളിർമതൻ നീലിമയിൽ
യെൻ മനസ്സും ഉയിരും  പവിത്രമാകുന്നു .

മാതൃസ്നേഹത്തിൻ ചേതോഹരവർണ്ണങ്ങൾ
തീർത്തൊരു താഴ്വരയിൽ
അമ്മതൻ വാക്കുകൾ.

അമ്മതൻ വാക്കുകൾ
ഭൂമിതൻ ശബ്ദം
അമ്മതൻ ചൈതന്യം
ഭൂമിതൻ സന്ദേശം.

മാതൃത്വം മഹാശക്തിയതുതന്നെ
മനസ്സിൽ കറയില്ലാതെ നിറഞ്ഞു പൊങ്ങി -
യൊഴുകുന്ന സ്നേഹം .
അമ്മയും നന്മയും ഒന്നായിടട്ടെ
പുണ്യവും  അമ്മയും ഒന്നായിടട്ടെ
മാതൃസ്നേഹത്തിന് പരിസമാപ്തി
 ഒരിക്കലും കുറിക്കവതല്ലെന്നല്ലയോ
കവിസങ്കല്പം !

# എന്റെ നാട്

റിസ്വാന റഷീദ്

സ്വർണമുത്തുകൾ പോലെ
നെൽമണികൾ വിരിഞ്ഞ
കേദാരങ്ങളും വനങ്ങളും
നിറഞ്ഞ എന്റെ നാട് .

ചിത്രപതംഗങ്ങൾ ചിറകടിച്ച്
പാറിനടക്കുന്ന മലയാളനാട്
മലയാളത്തിൽ പൊൻ
തിലകക്കൊടി ചൂടിയ നാട്
എന്റെ മലയാള നാട്

ഇന്നെന്റെ നാട് തേങ്ങുന്നു
വനങ്ങളെ തിരയുന്നു
മലയാള ഭാഷതൻ
തിളക്കം നഷ്ടമായി
ഇനി ഞാൻ എങ്ങുപോയ് തിരയേണ്ടു
എൻ മലയാള നാടിനെ?



# ആത്മസുഹൃത്ത്

അനാമിക എൻ ആർ



അറിവെന്നുള്ളൊരാ സത്യത്തിനെ മാത്രം
ആത്മാർത്ഥമായി ഞാൻ പ്രണയിച്ചു
പുസ്തകമെന്നൊരാത്മമിത്രത്തിനായ് ഞാൻ
ഒരുപാട് നാഴിക ചെലവഴിച്ചു.

പഠന മേശയിലും ബോറടിപ്പിക്കുന്ന സ്കൂൾ വരാന്തയിലും
ചിലപ്പോൾ ശത്രുവായും നീ വന്നു ..........
മറക്കുകില്ല ഞാൻ നീ എനിക്കേകിയ അറിവിന്റെ പാതകളെ
ആ പാതകളേകിയ അത്ഭുത ലോകങ്ങളെ.

ആകാംക്ഷ മരിക്കാത്ത ലോകത്തിലൂടെ
ബോധപൂർവം ഞാൻ സഞ്ചരിക്കെ
എനിക്കേകിയ ആ സുഖസ്മൃതികളിന്നു -
മെന്റെ കളിത്തോഴനായ് തീരാൻ ..................

# ഗുരുനാഥൻ

മിർസബാൻ



നന്മയാം അറിവിന്റെ നിറദീപം
എന്നുള്ളിൽ കൊളുത്തിയ
ഗുരുവിനെ നമിക്കുന്നു ഞാൻ
ഗുരുത്വം വരപ്രസാദം ..................

എനിക്കു നൽകിയ ഗുരു ,
നിൻ മുഖതദാവിൽ ഈശ്വരനെ
ഇന്ന് ദർശിപ്പൂ ഞാൻ
അറിവാം കളിമണ്ണിൽ നിങ്ങൾ
മെനയുന്ന ശില്പങ്ങളാകുന്നു ഞങ്ങൾ.

എന്നുമെന്നുള്ളിൽ മായാതെ നിൽക്കുന്ന
ചൈതന്യ രൂപമായ് നീ ജ്വലിക്കുമ്പോൾ
വിദ്യയാം ഗുരു വസിക്കുന്ന
വിദ്യാലയത്തിൽ ഞങ്ങളെത്തവേ

അങ്ങ് അറിവിൻ പാഠങ്ങൾ
പകരുന്നു ഞങ്ങൾതൻ അന്തരാത്മാവിൽ.

# തിമിരം

ഹാരിഫ് ഒരുമനയൂർ

കൊഴിയുന്ന പൂവിന്റെ നൊമ്പരം വീണ്ടും
ഓർത്തോർത്തിരിക്കുന്നതാര്.
വീണ്ടും തളിർക്കുന്ന പൂവാടിയിൽ നാം -
തിരയുന്നതാരുടെ മൗനം .

വിരഹം തുളുമ്പുന്ന ഗസലിന്റെ പ്രണയം
മഴയായ് കിളിർക്കുന്നു നെഞ്ചിൽ .
തട്ടിൻപുറത്ത് കുറുകുന്ന പ്രാവുകൾ
ചിറകറ്റു വീഴുന്നു മണ്ണിൽ .

അരുതെന്ന് ചൊല്ലാൻ പഠിപ്പിച്ച മർത്ത്യൻ ,
അരുതായ്മ കാട്ടുന്നു വീണ്ടും .
തോരാത്ത ദുഃഖത്തിൻ ഓർമ്മകൾ പേറി -
കണ്ണുനീർ വാർക്കുന്നൊരമ്മ .

അമ്മതൻ ചുടുകണ്ണീർ മോന്തികുടിച്ച്
ഇരുളിലൊളിക്കുന്നു കഴുകൻ .
ഇരുട്ടും വെളിച്ചവും തിരിച്ചറിയാനാവാതെ
നമ്മൾ തൻ മിഴികൾക്ക് തിമിരം .



# എഴുത്ത്

മുഫീദ ഫൈസൽ

പണ്ടേ ചില അക്ഷരങ്ങൾ
വരുതിയിൽ നിന്നിട്ടില്ല
അമ്പത്തിയാറിൽ
തൊട്ടുനോക്കാത്തവ
പലതുമുണ്ടിപ്പോഴും .
ഞാൻ പുറപ്പെട്ടും മുമ്പേ
പൊടിതട്ടിയെഴുന്നേൽക്കും
പല്ലിന്റെ വിടവിലൂടെ
ഊർന്നുപോകും
ചിലത്
നാവിൽ തന്നെ ചത്തുമലക്കും.
പിന്നാലെ കുറേ ഓടി
ബാലൻ മാഷും ഗിരിജ ടീച്ചറും
അവർ നട്ടുതളർന്നിരുന്നു
എന്നാലും ഉള്ള വെളിച്ചത്തിലിരുന്ന്
ഞാൻ ചിലതൊക്കെ
കുത്തിക്കുറിക്കുന്നുണ്ട്.




# മരിക്കാത്ത ഓർമ്മകൾ

മുഫീദ ഫൈസൽ

എല്ലാവരുടെയും പ്രിയമാറർന്ന നാളുകൾ ,
ഏവർക്കും പ്രിയപ്പെട്ട വിദ്യാലയം !
എത്ര മനോഹരമെന്റെ കലാലയജീവിതം
പരിമളം നിറഞ്ഞ പുഷ്പവാടിയിൽ
ആടിയുലഞ്ഞ് ഷഡ്പദങ്ങളാണ് നാം.
അക്കാലമിനിയും നമുക്കായ് തിരികയെങ്കിലും
മറക്കുവതിലല്ലില് വിദ്യാലയോർമ്മകളൊന്നുമേ
കലാലയഭ്യാസം കഴിഞ്ഞവനേറെ
ദുഃഖിച്ചീടുന്നു വീണ്ടുമൊരിക്കൽ കൂടുമെന്ന്,
തിരികെവരില്ലെന്നറിയാമെങ്കിലും ആഗ്രഹിച്ചീടുന്നു
മാതൃസ്നേഹത്തിൻ നിറകുടമായ് അധ്യാപകർ ,
സഹോദരങ്ങളാൽ സ്നേഹിച്ച സുഹൃത്തുക്കൾ ,
കൊച്ചുകൊച്ചു കുസൃതികളും കളിതമാശകളും
പ്രണയസാഫല്യവും നിരാശയും എല്ലാം ഒന്നുകൂടി
സ്നേഹത്താൽ പണിതതാണ് വിദ്യാലയം .
വർണ്ണശോഭിതമാം പൂന്തോട്ടമാണെന്റെ
വിദ്യാലയമെന്ന്    ഞാനറിയവേ .......
ഉദ്യാലനത്തിലെ ചെറു വണ്ടികളാണ് നാം
അറിവാം തേൻ നിറഞ്ഞ പുഷ്പ പദങ്ങളാണെൻ
അധ്യാപകർ എന്നും ഞാൻ സ്മരിക്കവേ ................
അറിവാം തേനിനെ നുകരാൻ നാം
കൂടിച്ചേർന്നൊരു മധുരിക്കുമോർമ്മ
വിദ്യാലയം നാളെ നമുക്ക് മാത്രമായിടും ..........





# ഗാന്ധിയൻ സന്ദേശം ജീവിതത്തിൽ

ഷെർഫിയ പി ബി

പല മഹാത്മാക്കളും പല ഗുണങ്ങളും ഉള്ളവരാണ് . എന്നാൽ പല മഹാത്മാക്കളുടെയും എല്ലാ ഗുണങ്ങളും ഗാന്ധിജിയിൽ ഒത്തു ചേർന്നിരിക്കുന്നു . മഹാത്മാക്കളിലുള്ള അപൂർവഗുണവിശേഷണങ്ങൾ കണ്ടെത്താൻ ഗാന്ധിജിയുടെ ജീവിതം സഹായകമാണ് . മഹത്തായ മാർഗങ്ങൾ മാത്രമേ ഗാന്ധിജിയിലുള്ളൂ . ഓരോ മഹാത്മാക്കളിലുമുള്ള നല്ല ഗുണങ്ങൾ ഗാന്ധിജി മാതൃകയാക്കി . അതുകൊണ്ടാണ് വള്ളത്തോൾ ഇങ്ങനെ പറഞ്ഞിരിക്കുന്നത് .

ഇന്ത്യയിൽ ചെയ്തതിലേറെ അതിക്രമങ്ങളും ക്രൂരതകളും കൂട്ടക്കൊലകളും ബ്രിട്ടീഷുകാർ തെക്കേ ആഫ്രിക്കയിൽ നടത്തിവന്നിരുന്നു . താഴ്ന്ന നിൽക്കുമ്പോഴാണ് യഥാർത്ഥത്തിൽ ഉയർച്ച ഉണ്ടാകുന്നത്. മറ്റുള്ളവരുടെ വേദനകളിൽ വേദനിക്കാനും മറ്റുള്ളവരുടെ ദുഃഖങ്ങൾ സ്വന്തം ദുഃഖമായി കരുതാനും കഴിഞ്ഞ ഗാന്ധിജി മഹത്വത്തിലേക്ക് ഉയർന്നു . താഴ്മയിൽ നിന്നതുകൊണ്ടാണ് അദ്ദേഹത്തിന് ഉന്നതിയിലെത്താൻ സാധിച്ചത് .

ത്യാഗമാണ് നേട്ടമെന്ന് ഗാന്ധിജി തന്റെ ജീവിതം കൊണ്ട് കാണിച്ചു കൊടുത്തു . സ്വയം ലളിത ജീവിതം നയിച്ച് മറ്റുള്ളവർക്ക് മാതൃകയായി . മറ്റുള്ളവർക്ക് വേണ്ടി സ്വയം ത്യജിക്കുമ്പോഴാണ് നേട്ടം ഉണ്ടാവുന്നത് .

ആയുധമില്ലാതെ യുദ്ധം ചെയ്യുന്നവനാണ് ഗാന്ധിജി .അദ്ദേഹം രാജാക്കന്മാരോട് അഹിംസ എന്ന ആയുധം ഉപയോഗിച്ചാണ് യുദ്ധം ചെയ്തത് . കായിക ബലത്തേക്കാൾ ധാർമ്മിക ബലമായിരുന്നു കൂടുതൽ. പുസ്തകം കൂടാതെ തന്നെ പുണ്യത്തിൽ അധിഷ്ഠിതമായ പാഠങ്ങൾ മറ്റുള്ളവർക്ക് പറഞ്ഞു കൊടുക്കുന്ന ജീവിതം തന്നെയായിരുന്നു അദ്ദേഹത്തിന്റെ സന്ദേശം . ഔഷധം കൂടാതെ രോഗത്തെ ശമിപ്പിച്ചവനാണ് ഗാന്ധിജി . കാരുണ്യവും സ്നേഹവും നന്മയും ആയിരുന്നു അദ്ദേഹം. കൂടാതെ അഹിംസയിൽ ഉറച്ച് നിന്നുകൊണ്ടുള്ള ഒരു നേട്ടവും .

# താരാട്ട്

അനാമിക എൻ ആർ

"നഴ്‌ സ് ,ആ സിറിഞ്ച് എടുത്തു തരൂ ". ഒരു കുത്ത് . ചുറ്റും നീറുന്നത് പോലെ . ഓരോ നിമിഷത്തിലും കഠിനമായ വേദന . ചുറ്റിലും എന്തൊക്കെയോ നീങ്ങുന്നത് പോലെ . പക്ഷേ ഒന്നും കാണാൻ കഴിയുന്നില്ല. എന്തിന് , കണ്ണുതുറക്കാൻ പോലും പറ്റുന്നില്ല . എപ്പോഴും ചില ഇരമ്പലുകൾ മാത്രം . ആ കുഞ്ഞു ജീവൻ ചിന്തിച്ചു . അവൾക്ക് അറിയില്ല അവൾ സുരക്ഷിതമായ സ്വന്തം അമ്മയുടെ ഗർഭപാത്രത്തിലല്ല കിടക്കുന്നത് . പകരം ഒരു നിമിഷം ശ്രദ്ധ തെറ്റിയാൽ താഴെ വീണ് പൊട്ടാവുന്ന ഒരു ഗ്ലാസ് ട്യൂബിലാണെന്ന് .

രണ്ടു മൂന്നു ദിവസങ്ങൾക്കുശേഷം അവൾ കിടക്കുന്ന അന്തരീക്ഷവുമായി പൊരുത്തപ്പെട്ടു . ഇടയ്ക്കിടയ്ക്കുള്ള വേദനകളും, നീങ്ങാൻ പറ്റാത്ത അവസ്ഥയും എല്ലാമായി അവൾ പൊരുത്തപ്പെട്ടു .അവൾ കേട്ടിരുന്ന ഇരമ്പൽ ഒച്ചകൾ അവളുടെ കാതുമായി വളരെയേറെ പൊരുത്തപ്പെട്ടു .അവൾ കേട്ടിരുന്ന മറ്റ് ശബ്ദങ്ങൾ കുറേയേറെക്കൂടി വ്യക്തമായതുപോലെ .പിന്നീട് കുറേ കാലങ്ങൾ അവൾ ഇതേ ഒച്ചപ്പാടുകൾ കേട്ടു വളർന്നു. ഒരു പരീക്ഷണശാലയിൽ ഡോക്ടർമാരും നഴ്സുമാരും ഉണ്ടാക്കുന്ന ഒച്ചപ്പാടുകൾ .

മൂന്നോ നാലോ ദിവസങ്ങൾ അവൾ ഒരു മാറ്റവും ഇല്ലാതെ കിടന്നു .പക്ഷേ ഇപ്പോൾ അതിൽ കിടക്കാൻ തീരെ സുഖമില്ല – ആകെ ഇറുകിയതുപോലെ .പക്ഷേ എന്തുകൊണ്ടെന്ന് അവൾക്ക് മനസ്സിലായില്ല . അവളുടെ മനസ്സ് അവിടത്തെ ഡോക്ടർ വായിച്ചത് പോലെയായിരുന്നു അടുത്ത നീക്കം .അദ്ദേഹം അടുത്തുവന്ന് നേഴ്സിനോട് പറഞ്ഞു ,” നമ്മൾ തയ്യാറാക്കിവച്ചിരിക്കുന്ന ആ ജാറെടുക്കൂ . ഇവൾ വളർന്നിരിക്കുന്നു .ഇനി ഇവൾക്ക് ഈ ചെറിയ ട്യൂബിൽ കിടക്കേണ്ട “. പിന്നീട് സംഭവിച്ചത് വളരെ വേദനാപൂർവ്വമായിരുന്നു .രണ്ടോ മൂന്നോ വെളുത്ത കൈകൾ എല്ലാ വശത്തു നിന്നും പിടിച്ച് അവളെ പുറത്തെടുത്തു . രണ്ടോ മൂന്നോ സെക്കൻഡ് മാത്രം. പക്ഷേ ആ നിമിഷം ശരീരമാകെ വിറയ്ക്കുന്നത് പോലെ ,വല്ലാത്ത തണുപ്പ് .ഒച്ച വയ്ക്കണമെന്ന് തോന്നി ;പക്ഷെ സാധിച്ചില്ല. പിന്നീട് മെല്ലെ ആ കൈകൾ അവളിൽ നിന്നും മാറ്റി .എന്തൊക്കെയോ അവൾക്ക് ചുറ്റിലും ഒഴിച്ചു .ആദ്യം വല്ലാത്ത നീറ്റൽ പിന്നീട് പഴയ ട്യൂബിൽ കിടന്നതിനേക്കാൾ സുഖം തോന്നി അവൾക്ക് .ഇതിൽ കിടക്കാൻ – വല്ലാത്ത ഇറക്കമില്ല ,നല്ല ചൂട് .

പിന്നെയും അവൾ അതിൽ കിടന്നു .ദിവസങ്ങൾ ചെല്ലുംതോറും അവൾക്ക് മനസിലായി ,അവൾ കിടക്കുന്നത് അമ്മയുടെ ഗർഭപാത്രത്തിലല്ല . ഏതോ ഒരു രാസവസ്തുക്കൾക്കിടയിലാണെന്ന്. അവൾ അറിയാൻ ആഗ്രഹിച്ചു – 'ഞാൻ എങ്ങനെ ഇവിടെയെത്തി 'എന്ന ചോദ്യത്തിനുള്ള ഉത്തരം . ആ ഉത്തരം വൈകാതെ മനസ്സിലാക്കി .

ഒരു ദിവസം ഒരു സ്ത്രീയും കൂടെ ഡോക്ടറും നഴ്‌ സും പിന്നെ മറ്റൊരാളും അവൾക്കു മുൻപിൽ നടത്തിയ സംഭാഷണത്തിൽ നിന്നും അവൾ മനസ്സിലാക്കി – സ്ത്രീ അവളുടെ അമ്മയാവാൻ വേണ്ടി വന്നതാണ് . അവളുടെ അമ്മയും അച്ഛനും അവൾ പെൺകുട്ടിയായതുകൊണ്ട് അവളെ അമ്മയുടെ വയറ്റിൽ വച്ചുതന്നെ കൊല്ലാൻ നിർദ്ദേശിച്ചു .എന്നാൽ ആ ഡോക്ടർ അതിനു തയ്യാറായില്ല . അദ്ദേഹത്തിന് അവളോട് തോന്നിയ ദയ കാരണം അവൾ ഇന്നും ജീവിക്കുന്നു . രണ്ടോ മൂന്നോ ദിവസത്തിനുള്ളിൽ അവൾക്ക് ഒരു അമ്മയെ ലഭിക്കും . സുരക്ഷിതമായ രണ്ടു കൈകൾ.

വൈകാതെ അതിനുള്ള നീക്കങ്ങൾ തുടങ്ങി .കുറേ വേദനയേറുന്ന മരുന്നുകളും അനുഭവങ്ങളും .പക്ഷേ അവൾ സന്തോഷിച്ചു .പിന്നീട് അവൾ അനുഭവിക്കാൻ പോകുന്ന സുഖംമോർത്ത് അവൾ ആശ്വസിച്ചു.

ആ ഡോക്ടറോട് അവൾക്ക് നന്ദി തോന്നി .അവൾക്ക് ഒരു അമ്മയെ കിട്ടിയല്ലോ അല്ല അവളെ സ്നേഹിക്കുന്ന ഒരു അമ്മയെ കിട്ടിയല്ലോ ,എന്നോർത്തു.

ഒടുവിൽ അവൾ ആ അമ്മയുടെ സ്വന്തം വയറ്റിൽ അമ്മയുടെ മകളായി വളർന്നു . ആ സുഖം അവൾ അനുഭവിച്ചു .

ആവശ്യമായ പോഷകങ്ങൾ ലഭിച്ച് അവൾ വളർന്നു .ഒടുവിൽ പുറത്തുവന്നു ഈ ഭൂമിക്ക് സ്വയം സമ്മാനിച്ചു . അവൾ പലപ്പോഴും ചെയ്യാൻ ആഗ്രഹിച്ചതുപോലെ ഒച്ചവച്ച് കരഞ്ഞും , പിന്നെയും അവൾ വളർന്നു.

ജനിക്കുന്നതിനു മുമ്പ് ഉണ്ടായ അവളുടെ വിഷമങ്ങൾ എല്ലാം മറന്നു കൊണ്ട് അവൾ ജീവിച്ചു . ഇന്ന് അവൾ നമ്മുടെ ഭൂമിക്ക് പലതരത്തിലും സംഭാവന ചെയ്യുകയാണ് . സ്ത്രീകളുടെ സുരക്ഷയ്ക്കായി പ്രവർത്തിക്കുന്ന വളരെ സജ്ജീവമായൊരു സംഘത്തിന്റെ പ്രസിഡണ്ടായി ജോലി ചെയ്യുന്നു.

അവളെ കൊല്ലാൻ ഏൽപ്പിച്ച ആ ഡോക്ടർക്ക് തോന്നിയ ഒരു നിമിഷത്തെ ദയകൊണ്ട് അവൾ ഇന്ന് ലോകത്തെ ഒത്തിരി പെൺകുട്ടികളുടെ രക്ഷക്കായി പ്രവർത്തിക്കുന്നു. പലരും പറയും അവൾ കാരണം എന്റെ മകൾ ജീവിക്കുന്നുവെന്ന് . പക്ഷേ സത്യത്തിൽ ആ ഡോക്ടർക്ക് തോന്നിയ ദയ കാരണമല്ലേ അവരുടെ പെൺമക്കൾ ജീവിക്കുന്നത്.





# പ്രതീക്ഷ

പച്ച പുതച്ചു കിടക്കുന്ന നെൽപ്പാടങ്ങളും കളകളാരവം മുഴക്കി ഒഴുകുന്ന അരുവികളും നിറഞ്ഞ സുന്ദരമായ ഗ്രാമം . അവിടെ തന്റെ ദുഃഖങ്ങളേയും പ്രാരാബ്ദങ്ങളേയും സന്തോഷമായി കണ്ട് ജീവിക്കുന്ന ബാലന്റെ കുടുംബം . ബാലനോടൊപ്പം ഭാര്യ ലക്ഷമിയും ഏകമകൻ വിഷ്ണുവും . വിഷ്ണു പഠിക്കാന വളരെ മിടുക്കനായിരുന്നു . അവനെപറ്റി നല്ല അഭിപ്രായമായിരുന്നു ഗ്രാമവാസികൾക്ക് . സ്കൂൾ വിട്ടു വന്നാൽ അയൽപക്കത്തെ കുട്ടികളുമായി കളിച്ച് വീട്ടിലെത്തുന്ന അവൻ കുളിക്കുശേഷം സന്ധ്യാനാമം ജപിച്ച് പഠിക്കാൻ തുടങ്ങും . മണ്ണെണ്ണ വിളക്കിന്റെ വെളിച്ചത്തിൽ ചോർന്നൊലിക്കുന്ന കുടിലിൽ വളരെ പ്രത്യാശയോടുകൂടെ അവൻ പഠിക്കും . കൂലിപ്പണി ചെയ്ത് കിട്ടുന്ന കാശ് കൊണ്ടാണ് തന്റെ അച്ഛനുമമ്മയും തന്നെ പഠിപ്പിക്കുന്നത് എന്നുള്ളബോധ്യം അവനുണ്ടായിരുന്നു . ഇങ്ങനെയിരിക്കുന്ന അവരുടെ ജീവിതത്തിലേക്ക് വിധിപോലെ ഒരു ദുരന്തം കടന്നുവന്നു . വിഷ്ണുവിൻറെ അച്ഛൻ ഒരു വാഹനാപകടത്തിൽ മരണപ്പെട്ടു . നിസ്സഹായരായ ആ അമ്മയും മകനും മാത്രമാണ് ഇനി ബാക്കി . അമ്മയുടെ തുച്ഛമായ വരുമാനം കൊണ്ട് മാത്രം വിഷ്ണുവിനെ പഠിപ്പിക്കാൻ കഴിയില്ല . അപ്പോഴാണ് ഒരു ഭാഗ്യം വിഷ്ണുവിനെ തേടിവന്നത് . അവന് ഒരു കൊച്ചു കമ്പനിയിൽ ജോലി കിട്ടി . അവന്റെ മുതലാളി അവനു വളരെ നല്ല വരുമാനമാണ് നൽകിയിരുന്നത് . വീണ്ടും അവനെ തേടി ഒരു ദുരന്തം വന്നു . അവന്റെ അമ്മ രോഗം ബാധിച്ച് കിടപ്പിലായി . മാത്രമല്ല , അവന്റെ കമ്പനിയിൽ വലിയയൊരു പ്രശ്നം ഉണ്ടായതിനെ തുടർന്ന് ആ കമ്പനി അടച്ചുപൂട്ടി . ഇനി തന്റെ അമ്മയ്ക്ക് മരുന്നു വാങ്ങാൻ പോലും തനിക്ക് കഴിയില്ല . ഈ പതിനേഴ് വയസ്സുകാരന് ഇനി എന്ത് ചെയ്യാനാവും ? തനിക്കാണെങ്കിൽ പഠിക്കണമെന്നുണ്ട് . പക്ഷേ പണമില്ല . ആരും അവനെ സഹായിക്കാനില്ല. അമ്മയ്ക്ക് തന്നിലുള്ള പ്രതീക്ഷ നഷ്ടപ്പെടരുതെന്ന് കരുതി അവൻ തന്റെ അമ്മ ചെയ്തിരുന്ന കൃഷിപണിക്കു പോകാൻ തുടങ്ങി . ആ കാശുകൊണ്ട് തനിക്ക് തന്റെ അമ്മയെ പോറ്റാൻ കഴിയുമെന്ന പ്രതീക്ഷയിൽ നിസ്സഹായനായ ആ മകൻ കഴിയുന്നു.

# ORUMANAYOOR

Shadil Mohammed

**Long long ago, there were ninety nine manas between chavakkad and Chettuva. Only one more mana needed to make it a century. So this place got the name 'ORUMANAKURAVOOR'. Later, for the convenience of uttering the word it was made Orumanayoor. Isn't it interesting ?**

**The other version is that there were many manas in this area. But, during the invasion of Tippu Sultan almost all the manas were destroyed. Only one mana survived. The place having only one mana began to be called as Orumanayoor.**

**See,the way my village got its name?**


**The centre of Orumanayoor is ' Muthanmavu '.How the place got the name is very interesting . There lived a wealthy farmer at orumanayur His name was Muthan Moidu. He was a social worker too. It was he who planted a mango tree there. He watered and protected it. Since it was planted and protected by Muthan Moidu, the mango tree got the name Muthanmavu. Later the place became the centre of Orumanayoor.**

**' Karuvarakundu ' is another important place in Orumanayoor. There lived a karuvan (blacksmith) in Orumanayoor. His house is situated at a low lying area. So the place began to be called as Karuvarakundu. Later the kundu was filled and a Mosque was built.**

# AMAZING BODY FACTS

RAZAL MOHAMMED

- **An adult is made up of around 7,000,000,000,000,000,000,000,000,000atoms (7octillion).1octillion means 1000trillions.**



- **Our eyes move around about 100,000times a day.**

- **Our stomach has storing acids that they disolve Zinc. But they, sometimes don't have time to dissolve it.**

- **Human bone is as strong as granite in supporting weight.**
  **Bone = weight of 7 bricks.**

- **10 million.**
  **Thats how many new sperm cells a man's testicles manufacture each day.**

# BUTTERFLY

**SALIHA A**

Butterfly, I like to be a butterfly
Because it has beautiful wings
Butterfly, I like to be a butterfly
Because everyone looks it when it fly
Butterfly, I like to be a butterfly
Because it has many beautiful colours
Butterfly, I like to be a butterfly
Because it’s just like a rainbow
Butterfly, I like to be a butterfly
Because it’s a wonderful creation of God
Butterfly, I like to be a butterfly
Because it looks like a beautiful angel
Butterfly, I like to be a butterfly
Because it is very beautiful .



# A BIG BROWN BEAR

**Aneesha Anil**



Once I sighted a bear;
coming out of his lair
He was seven feet high
And looked straight me in the eye
His teeth were so white;
It gave me a fright
His brown fur was so thick
I was scared he would give me a lick
So I ran up a hill
And fell down like a Jill
The memory of that big bear
Still gives me a Scare.

# GOOD MORNING TEACHER

ANZIL KASIM

“Good morning miss Scott” said the student of VII$^{th}$ grade in the same tone. “Good morning to you,” replied Miss Scott in a stern tone. Miss Scott the teacher of class VII$^{th}$ B. She was a tall, pale, thin,young lady. She was very strict.

“I have some news for you students. We have a newcomer in our class and she will be here soon. Um............ her name is Ashley Veron and she is a gifted young...........”

Miss scott was interrupted by a knock on the door. Beside the door was an old man with a young girl by his side. She had strawberry blond hair and she looked very. Everyone at once understood that she was the newcomer.

“Welcome Ashley,” said Miss Scott to Ashley. “Do you like this school?”

“Miss Scott,” the old man who looked like Ashley’s grandfather called out Miss Scott in a serious tone.

“Yes, Mister Veron”

“May I talk to you in private for a moment?”

“Sure. What is it? Replied Miss Scott surprised.

Mr. Veron whispered something in Ms. Scott’s ear.

“Oh I see. I am sorry.” Replird Ms Scott, still in her surprised tone. “Now listen the class”, She told now turning toward the students. “I have something else to tell you about Ms Veron. She....”

Ms Scott was interrupted again – this time by Miss Susan Chirayath. Ms Scott was always happy to see Miss Chirayath. They were BFFs and also sorority sisters. Ms Scott hurried toward Ms. Chirayath with a smile on her face.

“Hello, Susan. How are you? Asked ms scott Ms. Chirayath.

“Oh, i’m fine thank you.” Then Ms. Chirayath whispered something to Ms. Scott. She looked dazed!

“Right now? Ok fine”. She said now turning toward class.” Everyone please listen. I’ll be gone for a while. No one make any noise while I’m gone. Read the lesson. And Anna please write the names of those students who make noise”. Saying this she rushed out of the room along with Ms Chirayath.

Anna of course was Ms. Scott’s favourite student. No one still knows why. Everyone was scared of Anna as Ms. Scott would believe anything told to her by. Ann Everyone knew that if Anna, had any grudge towards anyone she could just accuse that person of something to Ms. Scott and ask the teacher to give that student detention!!!! So as a result nobody wanted to be bullied by her.

“Ok, now everyone be silent” this was said by – of course Anna. By this time Ashley had taken her seat between caroline and shahareen.

“Hey, Ashley” Anna told to Ashley. “There are some rules to be followed here. First being you should

listen to me and second..... “Ashley was paying no attention to Anna Anna understood this and she got very annoyed.

“Ashley, listen to me. Anna yelled at Ashley. Ashley was drawing. She was quite an artist. She didn’t even move when Anna yelled. Others were amazed to see this reaction by Ashley

Anna was rally annoyed by now. She took out here rough note and scribbled something in it. “This is the talking list and only name in here is Ashley’s.” Everyone started talking about this but Ashley – as before – didn’t move an inch. She didn’t even look up from her drawing. She was not at all distracted!!!!

By this time Ms. Scott entered the room and the murmuring finished.

“Could you show me the talk list now, darling?” She asked Anna

“There’s no need for that Ma’am. No one except Ashley talked so much. She started talking the moment you left and she stopped when she heard you coming”! Anna looked at Ashley to see her reaction. But for everyone except Ms. Scott -Ashley did not react to this. She just carried on with her drawing!

“Now, don’t lie to me dear”. Said Ms. Scoot. “But i’m not lying Ms. Scott. I’m telling the truth. I haven’t see anyone in the school as talkative as Ashley! isn’t right everyone? Anna asked with hopeful eyes even thought she knew everyone would say ‘yes’.

Be hearing the way the other students said yes ms. Scott understood that there was something fishy going on “Anna, I’m disappointed in you young lady. I cannot believe this. “Ms. Scoot said with Anna?” ms. Scott asked the rest of the children.  “Oh my God does Anna bully you? That cannot be true. Please say no. “No one responded by seeing this silence Ms. Scoot understood. What Was happening. Ms. Scoot looked really sad and disappointed.

Anna looked really sad and puzzled because she didn’t have the slightest idea how Ms. Scoot knew she was laying.

Ms. Scoot broke Anna’s faith of thought “You might be wondering how i know that Anna is lying.  This is because;  Ashley is a deaf-mute”.  “What”. Everyone told together. Now everyone was starting at Ashley. Caroline and Shehareen were starting at Ashley. Ashley. Poor girl, they though

***Poor Anna, Ms. Scott will never trust her again, everyone thought.***




# *Happy Teens*

*AARDRALAKSHMI K R*

We teenagers may seems joyful and easy going from the outside,but we do have our own problems and worries. ‘you are just a kid,you have nothing to worry about’is a phrase heard by us a lot. But that’s not true,we have so much to worry. Each right or wrong decision we make,shapes our future.We have social and identify problems and a whole lot of other issues. We try to find our way through these obstacles and most of the time we fall short of producing the deserved result is from the mistakes that we learn valuable lessons. And sometimes we ourselves feel like not fitting right in our own peer groups.

At times we are pressured from our families to take up responsibilities and at other times we are not told to take such decisions as we are not old enough. Thus we feel like we are in dilemma about what to do.some carry all their problems a big burden and start protesting against the causes of the burden. However,there are some who take it up as a challenge and try to mitigate or reduce the burden, but those are few.as we are too bothered about our identity within our peer groups, we keep our talents and knowledge to ourselves,not expressing it to the outside world.But there comes a time when we have to grow up and there is no other alternative.We start expressing our views and protesting against injustice. But there too we have our failures and mistakes. But all those are  needed to learn from. And slowly we evolve to become new persons, different from our childhood, But still the same few traits.In the end that all matters is what you are,not what you were........................

# *My Hair*

PRAVEENA V P



From the time I remember I've always had very long hair. In the beginning I was not interested in long hair but my grandfather likes long hair lot. Slowly when my hair grew longer and longer it looked so nice. I started to like it very much. In the morning my mummy helps me to comb my hair. After school when I came home I liked to take care of it myself. My friends were also impressed by the length of my hair. When I attended any function everyone used to admire my long tresses and they told my hair is my beauty. I was very proud of my long,thickly and silky hair.

One day,my mummy read an article in a magazine about hair donation. Then onwards she told me the importance of hair donation to make to make wigs for the cancer patients who lost their hair during chemotherapy. Later we discussed it with father,brother and especially with grandfather who insisted that I should grow long hair.They were surprised and gave permission very happily. Mummy completed all the formalities with miracle charitable team,Thrissur and at last I donated my hair during a function .

When I came to school with my short hair, my friends and teachers appreciated me. Our Headmaster gave me big handshake which make me so happy .Now I know the great thing I did. Today I am very proud and happy with my short hair.

**Yes! Beuty of a girl lies** ***in her mind and soul...***

# My Parents

MOHAMMED FAHEEM



*I love my dad*
*I love my mom*
*They live for me*
*They strive for me*
*They teach me to pray*
*To go ahead each day.*
*They set me right*
*Guide me day and night.*
*They taught me myself to be*
*To think night and free.*
*They lead me on*
*Even in difficult to always go on.*
*They always tell*
*to weave well.*
*They live and show*
*How to live and glow.*
*Patience politness and reverence*
*Kindness and perseverence.*
*All these deep in me*
*They want instill within.*
*May God bless them*
*Keep them protect them.*
*Cause i love them*
*And want to keep loving them.*

# *Pintoo and the Tiger*

SIVAGANGA

Long ago, in a village near the jungle there lived a boy called Pintoo. He had a fine, fat cow. Pintoo took his dear cow to the jungle every day. There the cow would graze on the green grass and pintoo would play among the trees. One day as the cow was grazing in the jungle, a big striped tiger came that way. When the tiger saw pintoo's cow, the tiger's mouth began to water. "Grrr...." he roared and stood on his hind legs, ready to pounce on the cow. Pintoo was horrified. He was sure that the tiger would eat up his dear darling cow.

What should he do? Then he suddenly had an idea. "Wait, Mr. Tiger" he said "you may eat my cow . But shouldn't you have a bath before eating a meal. Pintoo's sweet words pleased the tiger. He said, "Good boy, clever boy, you are right. I'll go and have a bath. You wait here with the cow". The stupid tiger went to bathe. Pintoo took a knife and cut off the tip of his cow's tail. Then he dug a hole in the ground, stuck the tip of the tail into it and told his dear cow to run back to the village. When the tiger came after his bath there was no sign of the cow. He gladdened angrily at Pintoo and roared, "Cunning boy , crooked boy! Where is my cow? Pintoo quickly pointed to the top of the tail sticking out of the ground and wept "Alas! Alas! A mud monster had gobbled up my dear cow. The tiger was terrified. "I better run from here before the mud monster gobbles me up too!" he cried and ran away from there.



# A YEAR AT A GLANCE

# EVENTS OF 2019 - 20

- **ഗാന്ധിജിയുടെ *150*-ാം ജന്മവാർഷികാഘോഷങ്ങൾ**




**സേവനദിനം**



# മതസൗഹാർദ്ദസദസ്സ്

## ഗാന്ധിയൻ ക്വിസ്സ്




## ഗാന്ധിയൻ നാണയം – നോട്ട് പ്രദർശനം



# ഗാന്ധിയൻ ക്വിസ്സ്




# പുഷ്പാർച്ചന





ഗാന്ധി അനുസ്മരണ സമ്മേളനം – മുതിർന്ന സാഹിത്യകാരനെ ആദരിക്കൽ

ഗാന്ധിജിയുടെ അത്യപൂർവ്വ ഫോട്ടോ പ്രദർശനം



■ മോട്ടിവേഷൻ ക്ലാസ്



■ വിദ്യാലയം പ്രതിഭകളോടൊപ്പം




തകിൽ വിദ്വാൻ ഭാസ്കരേട്ടനെ ഒരുമനയൂർ ഇസ്ലാമിക് ഹൈസ്കൂൾ ആദരിക്കുന്നു.ഇന്ത്യൻ കലാലോകത്തിന് ഒരുമനയൂരിന്റെ സംഭാവനയാണ്

**തകിൽ വിദ്വാൻ ഭാസ്കരൻ ഒ എ.**

## ■ സേവ് എ സ്നേക്ക്



## ■ സൗരക്കണ്ണട നിർമ്മാണം



■ സൂര്യഗ്രഹണം വിദ്യാർത്ഥികളും അധ്യാപകരും രക്ഷിതാക്കളും സമീപവാസികളും വീക്ഷിക്കുന്നു.




■ ഞങ്ങളുടെ ലിറ്റിൽ കൈറ്റ്സ്



■ അമ്മമാർക്കുള്ള പരിശീലനം



■ വീഡിയോ കോൺഫറൻസ്



# നന്ദി

